LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള നടപടി

205(511) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്രയിലുള്ള ഭൂമിയിൽ നിന്നും ചലച്ചിത്രവികസന കോർപ്പറേഷനുവേണ്ടി മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മിക്കുന്നതിന് അറുപത് സെന്റ് ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള അനുമതിക്കുവേണ്ടി അപേക്ഷ ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചതെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്രയിലുള്ള ഭൂമിയിൽനിന്നും ചലച്ചിത്ര വികസന കോർപ്പറേഷനുവേണ്ടി മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മിക്കുന്നതിന് റി.സ 17/2 ബി-യിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 60 സെന്റ് ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള അനുമതിക്കുവേണ്ടി അപേക്ഷ 30-12-2017-ൽ ലഭിച്ചിരുന്നു. പ്രസ്തുത ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുവാനും കമ്പോളവില ഈടാക്കികൊണ്ട് എൻ.ഒ.സി. പുറപ്പെടുവിക്കുവാനും പദ്ധതി വിഭാഗം-1 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിനെ തുടർന്ന് ടി ഭൂമിക്ക് ഒരു ആറിന് 45,045 രൂപ വില നിശ്ചയിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ്

206(512) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ശ്രീകൃഷ്ണപുരം പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ് കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീകൃഷ്ണപുരം ബ്ലോക്കിൽ നിലവിൽ ഭൂജല വകുപ്പിന് 4 നിരീക്ഷണ കിണറുകളാണുള്ളത്. ടി കിണറുകളിലെ 2021 ഏപ്രിൽ മാസത്തെ ജലവിതാനം കഴിഞ്ഞ 10 വർഷത്തെ ശരാശരി ജലവിതാനവുമായി താരതമ്യപഠനം നടത്തിയതിൽ നിന്നും വെള്ളിനേഴിയിലുള്ള (കുഴൽകിണർ) നിരീക്ഷണ കിണറിൽ 1.295 മീറ്ററും കരിമ്പുഴയിൽ (കുഴൽകിണർ) 0.219 മീറ്ററും ശ്രീകൃഷ്ണപുരത്ത് (കുഴൽകിണർ) 0.925 മീറ്ററും ശ്രീകൃഷ്ണപുരം (തുറന്ന കിണർ) 0.571 മീറ്ററും ജലവിതാനം കുറഞ്ഞതായി മനസ്സിലാക്കുന്നു.